മലയാള മനോരമ
Monday, September 15, 2008 10:24 AM IST

Story Dated: Monday, September 15, 2008 0:57 hrs IST

# ഇ. അഹമ്മദ് മുസ്‌ലിം ലീഗ് ദേശീയ പ്രസിഡന്റ്

- സ്വന്തം ലേഖകന്‍



ന്യൂഡല്‍ഹി: ഇന്ത്യന്‍ യൂണിയന്‍ മുസ്‌ലിം ലീഗ് ദേശീയ പ്രസിഡന്റായി വിദേശകാര്യ സഹമന്ത്രി ഇ. അഹമ്മദ് തിരഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രസിഡന്റായിരുന്ന കെ.എം. കാദര്‍ മൊഹിയുദ്ദീനാണു പുതിയ ജനറല്‍ സെക്രട്ടറി. എം.പി. അബ്ദു സമദ് സമദാനി സെക്രട്ടറിയായി.പ്രസിഡന്റായിരുന്ന ജി.എം. ബനാത്‌വാല അന്തരിച്ചതിനെ തുടര്‍ന്നാണു പുതിയ പ്രസിഡന്റിനെ തിരഞ്ഞെടുത്തത്.

നിലവില്‍ ജനറല്‍ സെക്രട്ടറിയായി പ്രവര്‍ത്തിക്കുകയായിരുന്നു അഹമ്മദ്.കൂടുതല്‍ ഭാരവാഹികളെ ഉള്‍പ്പെടുത്താനുള്ള വ്യവസ്ഥയോടെ ഭരണഘടന ഭേദഗതിചെയ്യാനും ദേശീയ നിര്‍വാഹക സമിതി തീരുമാനിച്ചു.

ഭാരവാഹികള്‍: അഹമ്മദ് ബക്ഷ് (രാജസ്ഥാന്‍), ഇക്ബാല്‍ അഹമ്മദ് (യുപി) (വൈസ് പ്രസിഡന്റുമാര്‍). മുഹമ്മദ് ഇസ്മായില്‍ ബനാത്‌വാല (മഹാരാഷ്ട്ര), നയീം അക്തര്‍ (ബിഹാര്‍), ഷഹന്‍ഷാ ജഹാംഗീര്‍ (ബംഗാള്‍), കുറ്റം ഉമര്‍ (ഡല്‍ഹി) (സെക്രട്ടറിമാര്‍). കര്‍ണാടകയില്‍നിന്നുള്ള ദസ്തഗീര്‍ ആലം ആണ് ട്രഷറര്‍. ജി.എം. ബനാത്‌വാലയുടെ സഹോദരപുത്രനാണ് മുഹമ്മദ് ഇസ്മായില്‍ ബനാത്‌വാല.

ഡല്‍ഹിയെ നടുക്കിയ ബോംബ് സ്ഫോടന പരമ്പരയുടെ പിറ്റേന്നു നടന്ന നിര്‍വാഹക സമിതിയില്‍ നടത്തിയ പ്രസംഗത്തില്‍ മുസ്‌ലിം ലീഗ് സംസ്ഥാന അധ്യക്ഷന്‍ പാണക്കാട് സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങള്‍ മതത്തിന്റെ പേരില്‍ നടക്കുന്ന തീവ്രവാദ പ്രവര്‍ത്തനങ്ങളെ നിശിതമായി വിമര്‍ശിച്ചു. അക്രമികള്‍ മതത്തിന്റെയോ സമുദായത്തിന്റെയോ ഭാഗമല്ല. അക്രമികള്‍ക്കെതിരെ ശക്തമായ നടപടി ആവശ്യമാണ്.നിരപരാധികളും സമാധാനകാംക്ഷികളുമായ ജനത്തെ കൊല്ലുന്ന ഭീകരപ്രവര്‍ത്തനം മതതത്വങ്ങള്‍ക്കു നിരക്കുന്നതല്ല.

സമുദായങ്ങള്‍ തമ്മില്‍ വൈരമുണ്ടാക്കുന്ന പ്രവൃത്തികള്‍ക്കായുള്ള മുതലെടുപ്പുകള്‍ അനുവദിക്കരുത്. അക്രമികള്‍ ഏതു സമുദായത്തില്‍നിന്നുമാകട്ടെ, സാമുദായിക സൗഹാര്‍ദം തകര്‍ക്കാനുള്ള അവരുടെ ശ്രമങ്ങളെ ഉരുക്കുമുഷ്ടിയോടെ നേരിടണം. ക്രമസമാധാനം നടപ്പാക്കുന്നവര്‍ പക്ഷപാതമില്ലാതെ നടപടിയെടുക്കണം.

ഫാസിസ്റ്റ് വര്‍ഗീയ ശക്തികള്‍ ഒറീസയില്‍ നടത്തിയ അക്രമങ്ങള്‍ ക്രൈസ്തവ മനസ്സില്‍ ആഴമേറിയ മുറിവാണ് ഉണ്ടാക്കിയത്. എന്നാല്‍ അക്രമികളെ നേരിടുന്നതില്‍ ഒറീസ സര്‍ക്കാര്‍ തണുപ്പന്‍ സമീപനമാണു സ്വീകരിച്ചത്. കേന്ദ്രം ഇടപെട്ടതുകൊണ്ടുമാത്രമാണു വൈകിയെങ്കിലും സ്ഥിതി സാധാരണഗതിയിലായത്.

നൂറുകണക്കിനു ക്രൈസ്തവര്‍ക്കു ജീവനും സ്വത്തും നഷ്ടപ്പെട്ടു. ന്യൂനപക്ഷങ്ങള്‍ക്കു സുരക്ഷാബോധമുണ്ടാക്കേണ്ടത് കേന്ദ്രത്തിന്റെ പരമപ്രധാന ചുമതലയാണ്.

അഹമ്മദിനെ കേന്ദ്ര മന്ത്രിസഭയില്‍ ഉള്‍പ്പെടുത്തിയതിനെ ചരിത്രപരമായ നടപടിയെന്നു വിശേഷിപ്പിച്ച ശിഹാബ് തങ്ങള്‍, മുസ്‌ലിം സമുദായ ക്ഷേമത്തിനു കേന്ദ്രം സ്വീകരിച്ച നടപടികളെയും പ്രകീര്‍ത്തിച്ചു. പിന്നാക്ക സംവരണത്തിലൂടെ മുസ്‌ലിംകളുടെ ഉന്നമനം സാധ്യമാക്കാന്‍ സമഗ്രമായ നിയമം വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഡല്‍ഹി ബോംബ് സ്ഫോടനങ്ങളെയും ഒറീസയിലെ ക്രൈസ്തവര്‍ക്കുനേരെ ഉണ്ടായ അക്രമങ്ങളെയും അപലപിച്ചും മുസ്‌ലിംകള്‍ക്കു വിദ്യാഭ്യാസ, തൊഴില്‍ മേഖലകളില്‍ 10% സംവരണം ഉറപ്പാക്കാന്‍ ജസ്റ്റിസ് രംഗനാഥ് മിശ്ര കമ്മിഷന്‍ ശുപാര്‍ശകള്‍ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടും നിര്‍വാഹക സമിതി പ്രമേയം പാസാക്കി.

ബിഹാറിലെ വെള്ളപ്പൊക്കംമൂലമുള്ള ദുരിതത്തെക്കുറിച്ചും പ്രമേയമുണ്ടായിരുന്നു. ബനാത്‌വാല, സയ്യിദ് ഉമര്‍ ബാഫക്കി തങ്ങള്‍ എന്നിവരുടെ നിര്യാണത്തില്‍ സമിതി അനുശോചിച്ചു.മുസ്‌ലിം ലീഗിന്റെ അഞ്ചാമത്തെ പ്രസിഡന്റാണ് അഹമ്മദ്. ബനാത്‌വാലയ്ക്കു മുന്‍പ് മുഹമ്മദ് ഇസ്മായില്‍, സയ്യിദ് അബ്ദു റഹ്മാന്‍ ബാഫക്കി തങ്ങള്‍, ഇബ്രാഹിം സുലൈമാന്‍ സേട്ട് എന്നിവരും അധ്യക്ഷപദവി വഹിച്ചിട്ടുണ്ട്.


©manoramaonline 2008